പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1011 — 30.06.2015 ലെ മറുപടിയ്ക്ക്

**കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റി**

| | ചോദ്യം<br>ശ്രീ. എ.പ്രദീപ് കുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ടൂറിസം വകുപ്പിന്റെ കീഴിൽ കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി പ്രസ്തുത സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. 17.5.2013 ലെ സർക്കാർ ഉത്തരവ്(എം.എസ്.) നം.134/13/ടൂറിസം പ്രകാരം വ്യവസായ വകുപ്പിൽ നിന്നും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി വിൽക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ, പാട്ടത്തിന് കൊടുക്കുന്നതിനോ, പണയപ്പെടുത്തുന്നതിനോ കഴിയുന്നതല്ല. ആയതിനാൽ പ്രസ്തുത ഭൂമി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | | |
| സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ചത് ഏത് വർഷത്തിലായിരുന്നു; എത്ര കോടി രൂപയുടെ പദ്ധതിയായിരുന്നു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നത്; എത്ര കോടി രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്; | സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത് 2007 ലാണ്. 15.65 കോടി രൂപയുടെ പദ്ധതിയാണ്. കേന്ദ്ര വിഹിതമായ 10 കോടിയിൽ ഇനിയും 6 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. |
| ഡി) | ടൂറിസം വകുപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്കു കൈമാറാത്തത് കേന്ദ്ര ഗവൺമെന്റ് പണം അനുവദിക്കാതിരിക്കുന്നതിന് കാരണമായിട്ടുണ്ടോ ; ഇക്കാര്യത്തിൽ എവിടെയാണ് വീഴ്ച സംഭവിച്ചത്; | ഡി) | ടൂറിസം വകുപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്കു നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് കൈമാറാൻ കഴിയാത്തതിനാൽ കേന്ദ്രവിഹിതത്തിന്റെ രണ്ടാമത്തെ ഗഡുവായ 6 കോടി രൂപ ലഭിച്ചിട്ടില്ല. മറ്റ് വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല. |
| ഇ) | ഭൂമി എത്രയും പെട്ടെന്ന് കൈമാറി, കേന്ദ്ര ഫണ്ട് വിനിയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ